ലേഖനം

അഡ്വ. കെ.എൽ അബ്ദുൽ സലാം കണ്ണൂർ

# മുസ്‌ലിംസ്ത്രീകളുടെ വിവാഹമോചനം

# ഹൈക്കോടതി വിധി വിലയിരുത്തുമ്പോൾ

**പെൺവീട്ടുകാരിൽനിന്ന് സ്ത്രീധനം വാങ്ങി അടിച്ചു പൊളിച്ച് തീരുന്നതു വരെ ആ ഭാര്യയെ നിലനിർത്തി, ആ കാശ് തീർന്ന ശേഷം മറ്റൊരു കല്ല്യാണം. അവിടെ നിന്നും ഭീമമായ സ്ത്രീധനം. അതും തീർന്നാൽ മറ്റൊരു വിവാഹം! ഇത്തരം വിവാഹങ്ങളുടെ ഇരകൾ പാവങ്ങളിൽ പാവങ്ങളാണ്. നാട്ടുകാരോട് ഇരന്നു വാങ്ങിയും പള്ളി കമ്മിറ്റിയും മറ്റു ബന്ധപ്പെട്ട കമ്മിറ്റികളും അകമഴിഞ്ഞ് സഹായിച്ചും, നിരാലംബരായ പെൺകുട്ടികളെ കല്ല്യാണം കഴിപ്പിച്ചുകൊടുക്കുന്നത് ഇത്തരം പെണ്ണുകെട്ടു വീരന്മാർക്കാണ്. കോടതി പറഞ്ഞതു പോലെ തന്നെ ഇതിന് തടയിടാൻ ഒരു സംവിധാനം വന്നേ തീരൂ! അതിന് സമുദായ നേതാക്കളും മഹല്ലും ഖത്വീബുമാരും കമ്മിറ്റിക്കാരും തയാറാവണം.**

**മുസ്‌ലിം** സ്ത്രീകളുടെ വിവാഹ മോചനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച സുപ്രധാനമായ വിധി പരക്കെ ചർച്ച ചെയ്യപ്പെടുകയാണ്. ജസ്റ്റിസ് കുര്യൻ ജോസഫ്, ജസ്റ്റിസ് ഹാറുൺ അൽ റഷീദ് എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് സൈദാലി കെ.എച്ച് Vs വി. സലീന എന്ന കേസിൽ പറഞ്ഞ വിധിയാണ് ചർച്ചക്ക് വഴിവെച്ചിരിക്കുന്നത്.

കേസിലെ പരാതിക്കാരായ സലീനയും സൈദാലിയും തമ്മിൽ 01/06/2002നു വിവാഹിതരായി. അവർക്ക് അഞ്ചു വയസ്സ് പ്രായമായ ഒരു കുട്ടിയുമുണ്ട്. 09/04/2006 ന് ഇയാൾ രണ്ടാം വിവാഹം കഴിച്ചതിൽ പിന്നെ മറ്റു കാരണങ്ങളോടൊപ്പം രണ്ടാം വിവാഹം ഒരു കാരണമായി കാണിച്ച് തന്നെയും കുട്ടിയെയും സംരക്ഷിക്കുന്നില്ലെന്നും, ഭർത്താവ് എന്ന നിലയിലുള്ള യാതൊരു പരിഗണനയും സംരക്ഷണവും തനിക്ക് കിട്ടുന്നില്ലെന്നും അതിനാൽ വിവാഹബന്ധം വേർപെടുത്തി കിട്ടണമെന്നും ആവശ്യപ്പെട്ടാണ് തൃശൂർ കുടുംബ കോടതി മുമ്പാകെ സലീന OP 1095/2006 നമ്പറായി ഹരജി ബോധിപ്പിച്ചത്.

എന്നാൽ കേസിൽ ഹാജരായി എതിർകക്ഷിയായ ഭർത്താവ് ബോധിപ്പിച്ച ഉത്തരത്തിൽ ടിയാൻ രണ്ടാം വിവാഹം നടത്തിയത് സമ്മതിച്ച കാര്യം മാത്രം കണക്കിലെടുത്ത്, ഹരജിക്കാരി ഹരജിയിൽ ഉന്നയിച്ച മറ്റു കാരണങ്ങളൊന്നും തന്നെ പരിശോധിക്കാതെ, രണ്ടാം വിവാഹം മാത്രം കാരണമായി കണ്ട് കുടുംബ കോടതി ഹരജിക്കാരിയുടെ ഹരജി അനുവദിച്ച് വിവാഹമോചന ഉത്തരവ് നൽകുകയായിരുന്നു.

ഈ ഉത്തരവിനെതിരെ ഭർത്താവ് കേരളാ ഹൈക്കോടതിയിൽ ബോധിപ്പിച്ച അപ്പീലിന്മേലാണ് ഈ ചർച്ചക്ക് കാരണമായ സുപ്രധാന ഉത്തരവ് ഉണ്ടായിരിക്കുന്നത്.

ഈ വിഷയത്തിൽ മുസ്‌ലിം സമുദായ നേതൃത്വത്തോടും സർക്കാറിനോടും അതുമായി ബന്ധപ്പെട്ട വകുപ്പുകളോടും, നിസ്സഹായരായ മുസ്‌ലിം സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ കാര്യഗൗരവത്തോടെ എടുക്കണമെന്നും അവരോട് ഔദാര്യം കാണിക്കണമെന്നും അപേക്ഷിച്ചുകൊണ്ടാണ് കോടതി വിധി അവസാനിപ്പിച്ചത്.

തന്റെ പ്രതീക്ഷക്ക് വിരുദ്ധമായി ഭർത്താവും അയാളുടെ കുടുംബവും അതിക്രൂരമായി പീഡിപ്പിച്ചുവെന്നും മാനസികമായും ശാരീരികമായും അവഹേളിച്ചുവെന്നും 46 പവൻ സ്വർണാഭരണം അപഹരിച്ചുവെന്നും കല്ല്യാണത്തിന് ശേഷം രണ്ടു മാസം കൊണ്ട് ഭർത്താവിന് 50,000/- രൂപ ഗാർമെന്റ് ഷോപ്പ് തുടങ്ങാനെന്നും പറഞ്ഞ് ബാപ്പ കൊടുക്കേണ്ടിവന്നുവെന്നും ഭർത്താവും വീട്ടുകാരും വീണ്ടും വീണ്ടും സ്ത്രീധനം ആവശ്യപ്പെടുന്നുവെന്നും അല്ലാത്ത പക്ഷം വിവാഹമോചനം ചെയ്യുമെന്ന് പറഞ്ഞ് പീഡിപ്പിച്ചുവെന്നും മറ്റും സലീന കോടതിയിൽ ബോധിപ്പിച്ചിരുന്നു. ഭർത്താവിന് ബാർബർ ഷോപ്പും ഗാർമെന്റ് ഷോപ്പും നടത്തുന്ന വകയിൽ 15,000/- രൂപയോളം മാസവരുമാനമുണ്ടെന്നും സമർഥിച്ചു. ഈ കാരണങ്ങളൊന്നും കണക്കിലെടുക്കാതെ, രണ്ടാം വിവാഹം നടന്നത് ഭർത്താവായ എതിർകക്ഷി സമ്മതിച്ചു എന്ന ഒറ്റക്കാരണം മാത്രം കാണിച്ചാണ് കുടുംബ കോടതി വിവാഹമോചനത്തിന് അനുവാദം കൊടുത്തത്.

മുസ്‌ലിം പുരുഷന് ഒരേസമയം ഒന്നിലധികം ഭാര്യമാരുണ്ടെന്ന കാരണത്താൽ നിലവിലെ ഭാര്യക്ക് വിവാഹമോചനം കിട്ടുമോ എന്നതാണ് ഇവിടെ ചർച്ചാ വിഷയം.

1939 ലെ മുസ്‌ലിം വിവാഹമോചന ആക്ടിലെ 2(II), (IV), (VII), (a), (d), (f) എന്നീ വകുപ്പുകൾ പ്രകാരം ബോധിപ്പിച്ച കേസ് ഒരു പുതിയ ചർച്ചക്ക് വഴി വെച്ചിരിക്കുകയാണ്.

മേൽ കേസിലെ 2ാം വകുപ്പിൽ താഴെകൊടുത്ത എതെങ്കിലും കാരണങ്ങളാൽ ഭർത്താവിൽ നിന്നും മുസ്‌ലിം സ്ത്രീക്ക് വിവാഹമോചനം നേടാവുന്നതാണ്.

1. അഞ്ച് വർഷത്തിലേറേ കാലം തന്റെ ഭർത്താവിനെ കുറിച്ച് യാതൊരു അറിവും ഇല്ലാതായാൽ- (എന്നാൽ ഇത്തരം സന്ദർഭത്തിൽ കോടതിയുടെ വിധി വന്ന് ആറു മാസം കഴിഞ്ഞത് മുതൽ മാത്രമേ ഇത് പ്രാബല്യത്തിൽ വരികയുള്ളൂ. ആറ് മാസത്തിനകം ഭർത്താവോ അയാൾ അധികാരപ്പെടുത്തിയ ആളോ വന്ന് ഭാര്യയെ സംരക്ഷിക്കാൻ ഭർത്താവ് തയാറാണെന്ന് കാണിച്ചാൽ ഉത്തരവ് അസാധുവാകും).

2. രണ്ട് വർഷത്തിലധികമായി ഭർത്താവിൽ നിന്നും ചെലവിന് കിട്ടാതിരിക്കുകയോ ഭർത്താവ് അവഗണിക്കുകയോ ചെയ്താൽ.

3. ഭർത്താവിന് ഏഴോ അതിലധികമോ വർഷം ശിക്ഷ വിധിച്ചാൽ (ശിക്ഷയുടെ അന്തിമ വിധി വന്നതു മുതലാണ് അത് കണക്കാക്കുക).

4. ഒരു കാരണവുമില്ലാതെ മൂന്ന് വർഷത്തിലധികം ഭർത്താവ് എന്ന നിലയിലുള്ള കടമകൾ നിർവഹിക്കാതിരിക്കുക.

5. വിവാഹ സമയത്ത് ഭർത്താവ് വിവാഹ ജീവിതം നയിക്കാൻ കഴിയാത്തവനും അതേ നിലയിൽ തുടരുന്നവനുമാവുക. എന്നാൽ വിവാഹമോചന വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ഭർത്താവിന് ഒരു വർഷത്തെ കാലാവധി മേൽ തകരാറില്ലെന്നു കാണിക്കാൻ അനുവദിക്കണം.

6. ഭർത്താവിന് 2 വർഷത്തിലധികം കാലം ഭ്രാന്താവുകയോ കുഷ്ഠരോഗം പോലുള്ള മാരകരോഗം പിടിപെടുകയോ ചെയ്യുക.

7. രക്ഷിതാക്കൾ അവളെ 15 വയസ്സിന് മുമ്പ് കല്ല്യാണം കഴിപ്പിച്ചാൽ. 18 വയസ്സിന് മുമ്പ് പക്ഷേ വൈവാഹിക ബന്ധത്തിൽ ഏർപ്പെടാതിരുന്നെങ്കിൽ മാത്രം.

8. ഭർത്താവ് താഴെ വിവരിക്കുന്ന തരത്തിൽ അവളെ പീഡിപ്പിച്ചാൽ.

എ. പതിവായി മാരകമായി പ്രഹരിക്കുക, ശാരീരികപീഡനം, ജീവിതം ദുസ്സഹമാകുന്ന തരത്തിലുള്ള മറ്റു പീഡനങ്ങൾ.

ബി. ദുരാചാരിയായ സ്ത്രീയുമൊത്ത് ജീവിക്കുക. അല്ലെങ്കിൽ ദുഷ്കീർത്തിയുള്ള ജീവിതം നയിക്കുക.

സി. ദുരാചാരജീവിതം നയിക്കാൻ ഭാര്യയെ പ്രേരിപ്പിക്കുക.

ഡി. ഭാര്യയുടെ വസ്തുക്കൾ വിൽപന നടത്തുക അല്ലെങ്കിൽ അവളുടെ വസ്തുക്കളിന്മേൽ അവൾക്കുള്ള അവകാശം തടയുക.

ഇ. അവരുടെ മതകാര്യങ്ങൾ നിർവഹിക്കുന്നതിൽ തടസ്സമുണ്ടാക്കുക.

എഫ്. ഒന്നിൽക്കൂടുതൽ ഭാര്യമാർ അയാൾക്കുണ്ടെങ്കിൽ ഖുർആനിൽ പറഞ്ഞതു പോലെ മറ്റു ഭാര്യമാരെപ്പോലെ ഒരുപോലെ പരിപാലിക്കാതിരിക്കുകയും തുല്ല്യ നീതി ഉറപ്പുവരുത്താൻ കഴിയാതിരിക്കുകയും ചെയ്യുക.

9. മുസ്‌ലിം നിയമം അംഗീകരിക്കുന്ന, വിവാഹ ബന്ധം വേർപെടുത്തൽ അനിവാര്യമാക്കുന്ന മറ്റു കാരണങ്ങൾ.

ഈ പറഞ്ഞ ഏതെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ മുസ്‌ലിം ഭാര്യക്ക് തന്റെ ഭർത്താവിനെതിരെ വിവാഹമോചനത്തിന് കോടതിയെ സമീപിക്കാനാവൂ.

ഒരു മുസ്‌ലിം ഭർത്താവിന് ഒരേ സമയം ഒന്നിലധികം ഭാര്യമാരുണ്ടെന്ന കാരണത്താൽ അത്തരം ഭർത്താക്കന്മാരിൽ നിന്ന് ഭാര്യക്ക് വിവാഹമോചനത്തിന് കോടതിയെ സമീപിക്കാമോ എന്ന ചോദ്യത്തിന് പറ്റില്ല എന്നാണ് കോടതി മറുപടി നൽകിയിരിക്കുന്നത്.

ഖുർആനിലെ *സൂറത്തുന്നിസാഅ്* സൂക്തം മൂന്ന് വിശദീകരിച്ചു കൊണ്ട് തന്നെ കോടതി അതിന് ഉത്തരം തരുന്നു. ഖുർആൻ ബഹുഭാര്യാത്വം അനുവദിച്ചിട്ടുണ്ട്. ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ കർശന നിബന്ധനകളാണ് ഖുർആൻ നൽകിയതെന്ന് കോടതി വിലയിരുത്തുന്നു. പ്രവാചകൻ ബഹുഭാര്യാത്വം അനുവദിച്ചെങ്കിലും അതു തന്നെ നാലിൽ പരിമിതപ്പെടുത്തിയെന്നും നാലു പേരോടും ഒരുപോലെ വർത്തിക്കണമെന്നും ഭക്ഷണം, പാർപ്പിടം, വസ്ത്രം, ലൈംഗികബന്ധം മുതലായവ പാവപ്പെട്ടവളെന്നോ പണക്കാരിയെന്നോ, താഴ്ന്നവളെന്നോ ഉയർന്നവളെന്നോ ഉള്ള യാതൊരു വിവേചനവും കാണിക്കരുതെന്നും, ഒന്നിലധികം ഭാര്യമാരുണ്ടാവുമ്പോൾ നല്ല രീതിയിൽ വർത്തിക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ളവർക്ക് ബഹുഭാര്യാത്വം പാടില്ലെന്ന ഇസ്‌ലാമിക തത്ത്വവും കോടതി ഓർമിപ്പിച്ചു.

ഒരേസമയം നാല് ഭാര്യമാരെ അനുവദിച്ചതുതന്നെ പ്രവാചകന്റെ കാലത്തെ പ്രത്യേക സാഹചര്യത്തിലാണെന്നും അനാഥകളും യുദ്ധത്തിലെ വിധവകളും യുദ്ധത്തിൽ പിടിക്കപ്പെട്ടവരും സമൂഹത്തിൽ ഭാരമായി മാറിയതുമൂലമുണ്ടാകുന്ന ഒരു സാമൂഹിക വിപത്തിനെ ഉന്മൂലനം ചെയ്യാൻ മാത്രമാണ് ഇത് അനുവദിച്ചതെന്നും കോടതി വിശദീകരിക്കുന്നു.

എന്നാൽ ഇന്നത്തെ പുരുഷന്മാർ സ്വന്തം സുഖസൗകര്യവും സ്വാർഥ താൽപര്യവും മാത്രം നോക്കിയാണ് ബഹുഭാര്യാത്വം സ്വീകരിക്കുന്നതെന്നും ഇതുമൂലം കോടതിവരാന്തയിൽ വിവാഹമോചിതരുടെയും കുട്ടികളുടെയും ദയനീയാവസ്ഥകളാണ് ദിനംപ്രതി കാണേണ്ടിവരുന്നതെന്നും കോടതി പരിതപിക്കുന്നു.

സിറിയ, ഇന്തോനേഷ്യ, മൊറോക്കോ, പാകിസ്താൻ, ഇറാൻ, മുൻ സോവിയറ്റ് യൂനിയനിലെ ഇസ്‌ലാമിക് റിപ്പബ്ലിക്കുകൾ എന്നിവിടങ്ങളിലെല്ലാം ഭാഗികമായോ പൂർണമായോ ബഹുഭാര്യാത്വം നിരോധിച്ചിരിക്കുന്നുവെന്നും ഷാഹുൽ ഹമീദ് Vs സുബൈദാ ബീവി (1970 KLT 4) കേസ്സിലെ വിധിയിൽ ജസ്റ്റിസ് കൃഷ്ണയ്യർ ഇത് ഓർമപ്പെടുത്തിയതും കോടതി എടുത്തുകാട്ടി. ഖുർആൻ ബഹുഭാര്യാത്വം ചില പ്രത്യേക സാഹചര്യത്തിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്ന കൃഷ്ണയ്യരുടെ അഭിപ്രായം വീണ്ടും എടുത്തുപറയുന്നു.

യൂസഫലിയുടെ ഖുർആൻ പരിഭാഷയിൽ ഒറ്റ ഭാര്യാ സമ്പ്രദായമാണ് ഖുർആൻ അനുശാസിക്കുന്നതെന്നും ബഹുഭാര്യാത്വം ചില പ്രത്യേക കാരണത്താൽ മാത്രം അനുവദിച്ചതാണെന്നുമുള്ള നിഗമനവും എടുത്ത് ചേർത്തിരിക്കുന്നു.

മുല്ലയുടെ പ്രിൻസിപ്പിൾസ് ഓഫ് മുഹമ്മദൻ ലോയിലെ ആമുഖത്തിൽ ജസ്റ്റിസ് ഹിദായത്തുല്ല, മുസ്‌ലിം കുടുംബ നിയമം ആധുനികവത്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പാകിസ്താനിൽ 1961ൽ കൊണ്ടുവന്ന മുസ്‌ലിം ഫാമിലി ലോസ് ഓർഡിനൻസ് മുസ്‌ലിം വിവാഹത്തിലും കുടുംബ നിയമത്തിലും സമൂലമായ മാറ്റം വരുത്തണമെന്ന ഉദ്ദേശ്യത്തോടെ തയാറാക്കിയതാണ്. ഓർഡിനൻസിലെ വകുപ്പ് 6 പ്രകാരം ചെയർമാനും മെമ്പർമാരും ഉൾക്കൊള്ളുന്ന ആർബിറ്ററേ

ഷൻ കൗൺസിൽ രൂപീകരിക്കണം. ഒരാൾക്ക് ബഹുഭാര്യാത്വം ആവശ്യമാണെങ്കിൽ ആർബിറ്ററേഷൻ കൗൺസിലിലേക്ക് രേഖാമൂലം അപേക്ഷിക്കുകയും ആർബിറ്ററേഷൻകൗൺസിലിന് അത് ബോധ്യപ്പെട്ട് അവർ അനുവാദം കൊടുക്കുകയും വേണം. എങ്കിലേ ബഹുഭാര്യാത്വം അനുവദിക്കുകയുള്ളൂ.

കൂടാതെ വകുപ്പ് 6(5) പ്രകാരം ഏതെങ്കിലും പുരുഷൻ ആർബിറ്ററേഷൻ കൗൺസിലിന്റെ അനുവാദം കൂടാതെ വേറെ കല്ല്യാണം കഴിക്കുകയാണെങ്കിൽ നിലവിലുള്ള ഭാര്യയുടെ മഹർ പൂർണമായും ഉടൻ നൽകേണ്ടിവരുമെന്നും നൽകിയിട്ടില്ലെങ്കിൽ ഭൂനികുതി കുടിശ്ശിക കിട്ടാത്തതുപോലെ അത് വസൂലാക്കാൻ അധികാരമുണ്ടെന്നും ഒരു വർഷം വരെ ശിക്ഷ വിധിക്കാനും 5000 രൂപ വരെ ഫൈൻ ഈടാക്കാനും അധികാരമുണ്ടെന്നും പറയുന്നു.

വകുപ്പ് 7(1) പ്രകാരം ഏതെങ്കിലും പുരുഷൻ ത്വലാഖ് ചൊല്ലുന്നുവെങ്കിൽ ത്വലാഖ് ചൊല്ലിയ ആൾ രേഖാമൂലം ത്വലാഖിന്റെ കോപ്പി സഹിതം ചെയർമാനെ അറിയിക്കണമെന്നും ഭാര്യക്ക് ത്വലാഖിന്റെ ഒരു കോപ്പി കൊടുക്കണമെന്നും പറയുന്നു. കൂടാതെ വകുപ്പ് 7(2) പ്രകാരം ആരെങ്കിലും ഈ കാര്യത്തിൽ വീഴ്ച വരുത്തിയാൽ അയാൾക്ക് ഒരു കൊല്ലം വരെ ജയിൽശിക്ഷ അനുഭവിക്കേണ്ടിവരും. 5000 രൂപ പിഴ ഒടുക്കേണ്ടിയും വരും. ഇതിനുപുറമേ വേറെയും കുറേ നിബന്ധനകൾ മേൽ ഓർഡിനൻസിലുണ്ട്.

നമ്മുടെ രാജ്യത്താകട്ടെ, നിലവിൽ ഭാര്യയുള്ളയാൾക്ക് ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാനുള്ള യോഗ്യതയുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു മാനദണ്ഡവും ഇല്ല. അതിന്റെ പരിണിതഫലമായാണ് വിധവകളും കുട്ടികളും ചെലവിന് വേണ്ടി കോടതിവരാന്തയിൽ അലയേണ്ടിവരുന്നതെന്നും കോടതി ചൂണ്ടിക്കാണിക്കുന്നു.

സുബാനു എന്ന സാഹിറ ബാനു Vs എ.എം അബ്ദുൽ ഗഫൂർ കേസ്സിൽ, ഭർത്താവ് വേറെ കല്ല്യാണം കഴിച്ചാൽ ഭർത്താവിൽ നിന്ന് ഭാര്യക്ക് വേറെ താമസിക്കാനും ചെലവിന് കിട്ടാനും അർഹതയുണ്ടെന്ന് സുപ്രീം കോടതി വിധിച്ചിരുന്നു (A I R 1987 S C 1103). കൂടാതെ മറ്റൊരു ഭാര്യയോടൊപ്പം ഒരേവീട്ടിൽ താമസിക്കാൻ ഭാര്യയെ നിർബന്ധിക്കുന്നതും തിരിച്ച് എടുക്കാമെന്ന് പറയുന്നത് പരിഗണനാർഹമല്ലെന്നും സുപ്രീം കോടതി തന്നെ പറയുന്നു.

സുപ്രീംകോടതി മറ്റൊരു കേസ്സിൽ, മുസ്‌ലിംകളിൽ നിലവിൽ ഭാര്യയുള്ളവർക്ക് തന്നെ മറ്റൊരു വിവാഹം മതത്തിന്റെ ചില നിയന്ത്രണങ്ങൾക്ക് വിധേയമായി പറ്റുമെന്നും പറയുന്നുണ്ട് (ലില്ലി തോമസ് Vs യൂണിയൻ ഓഫ് ഇന്ത്യ A I R 2000 SC 1650). കൂടാതെ സി ആർ പി സി 125 പ്രകാരം ഭർത്താവ് വേറെ വിവാഹം കഴിക്കുകയോ മറ്റൊരു സ്ത്രീയെ സ്വീകരിക്കുകയോ ചെയ്താൽ ഭാര്യക്ക് ഭർത്താവിനോടൊന്നിച്ച് ജീവിക്കാതിരിക്കാൻ നല്ല കാരണമാണെന്നും പറയുന്നു.

ലില്ലി തോമസ് Vs യൂനിയൻ ഓഫ് ഇന്ത്യ കേസ്സിൽ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കെ.പി സേഥിയുടെ നിരീക്ഷണം ഇങ്ങനെയാണ്: "മുസ്‌ലിം വിവാഹ നിയമം പരിശുദ്ധിയെയും ആത്മീയ, ധാർമിക, സാമൂഹിക വീക്ഷണങ്ങളെയും ഉയർത്തി കാട്ടുന്നതാണ്. അത് വിവേകപരവും വിപ്ലവകരവുമായ തത്ത്വദീക്ഷയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. അത്തരം പിൻബലമുള്ള ഒരു നിയമശാസ്ത്ര സംഹിതയെ അത് നിലവിൽ വരുന്ന കാലത്തുണ്ടായിരുന്ന മറ്റേതെങ്കിലും സമ്പ്രദായങ്ങളുടെ പേരിൽ പഴിചാരരുത്. പാരമ്പര്യമായി വ്യാഖ്യാനിച്ച് തലമുറകളായി കൈമാറി വന്ന ശക്തമായ ഒരു ശരീഅത്ത് ചട്ടക്കൂടിനെ അടിസ്ഥാനമാക്കിയുള്ളതും ഇന്ത്യയിലും മുസ്‌ലിംകൾക്കിടയിൽ നടപ്പിലാക്കി വരുന്നതുമായ ഇസ്‌ലാമിക നിയമസംഹിത, ഒരു വിവാഹബന്ധം നിലനിൽക്കെ മുസ്‌ലിം പുരുഷന് മറ്റൊരു വിവാഹബന്ധത്തിലേർപ്പെടാൻ അനുവദിക്കുന്നത്, സഹ ഭാര്യമാർക്കിടയിൽ തുല്യ നീതി പുലർത്താൻ കഴിയുമെന്ന ഉറച്ച വിശ്വാസം ഉണ്ടാകണമെന്ന മുൻ നിബന്ധന പാലിക്കാനും നടപ്പിൽ വരുത്താനും കഴിയുമ്പോൾ മാത്രമാണ്. മേൽ നിബന്ധനകൾക്ക് വിധേയമായല്ലാതെ ബഹുഭാര്യാത്വം സ്വീകരിക്കാൻ ഒരു പുരുഷനെയും ഇസ്‌ലാം അനുവദിക്കുന്നില്ല. അത് ചില ഇടുങ്ങിയ ചിന്താഗതിക്കാർ ദുരുപയോഗം ചെയ്യുന്നത് അനുവദിച്ചു കൂടാത്തതാണ്."

ഭാര്യ അനുസരണയുള്ളവളും ഖുർആനിൽ വിശ്വാസമുള്ളവളുമാണെങ്കിൽ ഇഷ്ടം പോലെ ത്വലാഖ് ചൊല്ലുന്നതിൽ നിന്ന് ഖുർആൻ പുരുഷനെ വിലക്കുന്നു. ഒരു കാരണവുമില്ലാതെ ത്വലാഖ് ചൊല്ലുന്നത് മതത്തിന്റെയും നിയമത്തിന്റെയും കണ്ണിൽ തെറ്റാണ്. ഭാര്യയെ അകാരണമായി ഒറ്റപ്പെടുത്തുന്നവർ അല്ലാഹുവിന്റെ കഠിനമായ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും. ഇറാഖ് പോലുള്ള മുസ്‌ലിം രാജ്യങ്ങളിൽ വിവാഹ മോചനത്തിന് തക്കതായ കാരണം കോടതിയെ ബോധ്യപ്പെടുത്തിയാൽ മാത്രമേ വിവാഹമോചനം കിട്ടുകയുള്ളൂ. ഇത്തരം നിയന്ത്രണങ്ങൾ മുസ്‌ലിം വിവാഹത്തിന് ഒരു പരിധി വരെ നന്മയാണ് ചെയ്യുന്നത്.

ഇന്ത്യയിലെ ഉലമാക്കളും ഖാദിമാരും ബുദ്ധിജീവികളും അവരുടെ ചിന്ത ഇത്തരം സാമൂഹിക പ്രശ്നത്തിലേക്ക് തിരിക്കുകയോ സർക്കാരിനോട് ആവശ്യമായ നിയമനിർമാണത്തിന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നും കോടതി പരിതപിക്കുന്നു. വിവാഹത്തിന്റെ പവിത്രത ഉയർത്തിപ്പിടിക്കാൻ കേന്ദ്രത്തിലും പ്രാദേശിക തലത്തിലും ഒരു സമിതി കാലത്തിന്റെ ആവശ്യമാണെന്നും കോടതി പറയുന്നു. നമ്മുടെ പണ്ഡിതന്മാർ ഈ കാര്യത്തിൽ ഇനിയെങ്കിലും കണ്ണുതുറക്കാൻ തയാറാവണം. ഈ ദുരന്തത്തിന്റെ ശരിയായ പരിണതി കാണണമെങ്കിൽ മജിസ്ട്രേറ്റ് കോടതിയിലും കുടുംബ കോടതിയിലും വനിതാ കമീഷൻ ഓഫീസിലും പോലീസ് സ്റ്റേഷനിലും ചെന്നുനിന്നാൽ മതി. കോടതി പറഞ്ഞതു പോലെ, വിവാഹ സമയത്ത് വരൻ മുമ്പ് വേറെ കല്ല്യാണം കഴിഞ്ഞതാണോ, അവന് എത്ര ഭാര്യ നിലവിലുണ്ട് എന്നൊക്കെ തിരിച്ചറിയാൻ യാതൊരു സംവിധാനവും ഇവിടെയില്ല. ഒരു ഖത്വീബ്, നിലവിൽ വിവാഹിതനായ വരനാണെങ്കിൽ നിക്കാഹ് കഴിച്ചു തരില്ലെന്നു പറഞ്ഞാൽ അത്തരം ഖത്വീബിനെ ഒഴിവാക്കി വേറെ ഖത്വീബിനെ കൊണ്ട് നിക്കാഹ് കഴിപ്പിക്കാനാണ് ബന്ധപ്പെട്ടവർ ശ്രമിക്കുക.

പെൺവീട്ടുകാരിൽനിന്ന് സ്ത്രീധനം വാങ്ങി അടിച്ചുപൊളിച്ച് തീരുന്നതു വരെ ആ ഭാര്യയെ നിലനിർത്തി, ആ കാശ് തീർന്ന ശേഷം മറ്റൊരു കല്ല്യാണം. അവിടെ നിന്നും ഭീമമായ സ്ത്രീധനം. അതും തീർന്നാൽ മറ്റൊരു വിവാഹം! ഇത്തരം വിവാഹങ്ങളുടെ ഇരകൾ പാവങ്ങളിൽ പാവങ്ങളാണ്. നാട്ടുകാരോട് ഇരന്നു വാങ്ങിയും പള്ളി കമ്മിറ്റിയും മറ്റു ബന്ധപ്പെട്ട കമ്മിറ്റികളും അകമഴിഞ്ഞ് സഹായിച്ചും, നിരാലംബരായ പെൺകുട്ടികളെ കല്ല്യാണം കഴിപ്പിച്ചുകൊടുക്കുന്നത് ഇത്തരം പെണ്ണുകെട്ടു വീരന്മാർക്കാണ്.

കോടതി പറഞ്ഞതു പോലെ തന്നെ ഇതിന് തടയിടാൻ ഒരു സംവിധാനം വന്നേ തീരൂ! അതിന് സമുദായ നേതാക്കളും മഹല്ലും ഖത്വീബുമാരും കമ്മിറ്റിക്കാരും തയാറാവണം. ■

abdulsalamkl@hotmail.com